**I ഇ.ബി. XIII-കേരള നിയമസഭ/XII-1**

പതിമൂന്നാം കേരള നിയസഭ

പന്ത്രണ്ടാം സമ്മേളനം

# നിയമസഭാ നടപടികൾ -സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ഡിസംബർ 1, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2014 ഡിസംബർ മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

എം. വി. രാഘവൻ, പി. പി. വി. മൂസ, എം. കെ. ദിവാകരൻ, എ. ചാൾസ് എന്നിവരുടെ നിര്യാണം

മുൻമന്ത്രി എം. വി. രാഘവൻ, കേരള നിയമസഭാംഗങ്ങളായിരുന്ന പി. പി. വി. മൂസ, എം. കെ. ദിവാകരൻ, മുൻ ലോക്സഭാംഗം എ. ചാൾസ് എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ റഫറൻസ് നടത്തുകയും

പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**ചെയർമാന്മാരുടെ പാനൽ**

സർവ്വശ്രീ സി. പി. മുഹമ്മദ്, എൻ. ഷംസുദ്ദീൻ, ശ്രീമതി ജമീലാ പ്രകാശം എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**അടിയന്തരപ്രമേയം**

**ബാർ കോഴക്കേസ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, സംസ്ഥാനത്തെ അടച്ചിട്ട ബാറുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ ബാറുടമസ്ഥരിൽ നിന്ന് കോഴ വാങ്ങിയെന്ന ബാറുടമസ്ഥ സംഘം പ്രസിഡന്റിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഒരു മാസമായിട്ടും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ സന്നദ്ധമാകാത്ത സർക്കാർ നിലപാടിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, ഇ. ചന്ദ്രശേഖരൻ,

മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബാറുകളുടെ നിരോധനം പിൻവലിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു കോടി രൂപ കോഴ നൽകിയെന്ന ശ്രീ. ബിജു രമേശിന്റെ വെളിപ്പെടുത്തലിനെത്തുടർന്ന് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് 01-11-2014-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിജിലൻസ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നിലവിലുള്ള നിയമവ്യവസ്ഥകൾക്കും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി സത്വര അന്വേഷണം നടത്തിവരികയാണ്. അന്വേഷണ പുരോഗതി ഹൈക്കോടതി പരിശോധിച്ചിട്ടുള്ളതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 2014-ൽ ലൈസൻസ് പുതുക്കാത്ത 418 ബാറുകൾ തുറക്കാൻ മന്ത്രി ശ്രീ. കെ. എം. മാണി 5 കോടി രൂപ കോഴ ചോദിച്ചുവെന്നും ഒരു കോടി രൂപ കൈമാറിയെന്നും ബാക്കി തുകയ്ക്കായി സമ്മർദ്ദമുണ്ടായി എന്നുമുള്ള ശ്രീ. ബിജു രമേശിന്റെ വെളിപ്പെടുത്തൽ 2014 നവംബർ

മാസം 1-ാം തീയതി എല്ലാ ദൃശ്യ പത്ര മാദ്ധ്യമങ്ങളും റിപ്പോർട്ട് ചെയ്യുകയും ഗവൺമെന്റ് ചീഫ് വിപ്പ് ഇക്കാര്യം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. അടച്ചിട്ട ബാറുകൾ തുറന്നുകിട്ടാൻ 20 കോടി രൂപ സമാഹരിച്ചിട്ടുണ്ടെന്നും ധനമന്ത്രി, എക്സൈസ് മന്ത്രി, മുഖ്യമന്ത്രി, ഒരു കോൺഗ്രസ്സ് നേതാവ് എന്നിവർക്കെല്ലാം വിഹിതം നൽകിയിട്ടുണ്ടെന്നുമുള്ള ബാർ ഉടമസ്ഥരുടെ യോഗത്തിൽ നടന്ന വെളിപ്പെടുത്തൽ ഒളിക്യാമറയിൽ പകർത്തി മാതൃഭൂമി ചാനൽ സംപ്രേഷണം ചെയ്തിട്ടുണ്ട്. ഒരു മാസമായിട്ടും ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യാൻപോലും സർക്കാർ തയ്യാറായിട്ടില്ല. മൂന്ന് ഘട്ടങ്ങളിലായി ഒരു കോടി രൂപ മന്ത്രിയുടെ പാലായിലുള്ള വീട്ടിലും ഔദ്യോഗിക വസതിയിലുംവച്ച് കൈമാറിയെന്ന ആക്ഷേപമാണ് ഉയർന്നുവന്നിരിക്കുന്നത്. പണം കൈമാറിയതായി പറയപ്പെടുന്നവരുടെ മൊബൈൽ ഫോൺ പാലായിലെ മൊബൈൽ ടവറിന്റെ പരിധിയിൽ വന്നിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കണം. ബാർ ഹോട്ടൽ ഉടമകളോട് മന്ത്രി കോഴ ചോദിച്ചുവെന്ന ആക്ഷേപം വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടും നടപടിയെടുക്കാൻ സർക്കാർ തയ്യാറാകുന്നില്ല. നിബന്ധനകൾക്ക് വിധേയമായി ബാറുകൾക്ക് ലൈസൻസ് നൽകാമെന്ന് കാണിച്ച് എക്സൈസ് വകുപ്പുമന്ത്രി സമർപ്പിച്ച ക്യാബിനറ്റ് നോട്ടിന് മന്ത്രിസഭ അനുമതി നൽകാതിരുന്നത്

ബാറുടമകളെ സമ്മർദ്ദത്തിലാക്കി തെരഞ്ഞെടുപ്പ് ഫണ്ടിലേയ്ക്ക് തുക വർദ്ധിപ്പിക്കാനാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത ക്യാബിനറ്റ് നോട്ടിന്റെ മിനിട്സ് സഭയുടെ മേശപ്പുറത്ത് വയ്ക്കണം. കോഴ ആരോപണവുമായി ബന്ധപ്പെട്ട് ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകൾ സംബന്ധിച്ച് മൊഴിയെടുക്കാൻ സർക്കാർ തയ്യാറാകണം. ഇലക്ട്രോണിക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്ന കാര്യങ്ങൾ തെളിവായി സ്വീകരിക്കാമെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ടുകൾ തെളിവായി സ്വീകരിച്ച് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്നും ഇതുസംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്താൻ അനുവദിക്കാവുന്ന പരമാവധി സമയം 15 ദിവസമാണെന്നിരിക്കെ 45 ദിവസത്തെ സാവകാശം നൽകിയത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കണം. ബാർ ഉടമ അസോസ്സിയേഷൻ പ്രതിനിധി മുഖ്യമന്ത്രിയെ കണ്ടുവെന്ന ആരോപണത്തിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരുന്നതിന് സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിക്കപ്പെടണം. ശ്രീ. ബിജു രമേശിന്റെയും ശ്രീ. പി.സി. ജോർജിന്റെയും ഫോൺ സംഭാഷണം പരിശോധിക്കുന്നതിനും ആരോപണമുന്നയിച്ചവരുടെ മൊഴികൾ വീഡിയോ റിക്കാർഡ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിനും വിജിലൻസ് തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുന്നതോടൊപ്പം കോഴ ആരോപണവുമായി

ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടുകൾ പരിശോധിക്കുകയും ചെയ്യണം. ബാർ അഴിമതിക്കേസിൽ മന്ത്രി ശ്രീ. കെ.എം.മാണിക്കെതിരെ കേസ് രജിസ്റ്റർ ചെയ്താൽ ഈ സർക്കാർ നിലംപതിക്കും. സർക്കാരിനെ രക്ഷിക്കാനാണ് ക്യാബിനറ്റിൽപ്പെട്ട ഒരു മന്ത്രിയെ സംരക്ഷിക്കുന്നതിന് മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും സ്വജനപക്ഷപാതം കാണിക്കുന്നത്. ഈ കേസ് തെളിയിക്കപ്പെട്ടാൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ പ്രതിക്കൂട്ടിലാകും. ഇവിടെ ഉയർന്നുവന്നിരിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുമ്പോൾ പ്രഥമദൃഷ്ട്യാ മന്ത്രി കുറ്റക്കാരനാണെന്ന് തെളിയിക്കപ്പെടും. റിട്ടയർ ചെയ്യാൻ രണ്ടുമാസം മാത്രം ബാക്കിയുള്ള ഒരു എസ്.പി.യെയാണ് ഈ കേസിന്റെ അന്വേഷണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ചാനലുകളിലെല്ലാം ഇതുസംബന്ധിച്ച് വാർത്തകൾ വന്നിട്ടും ക്രിമിനൽ നടപടി നിയമത്തിന്റെ 36-ാം വകുപ്പ് അനുസരിച്ച് അന്വേഷണത്തെക്കുറിച്ച് ആക്ഷേപം വന്നിട്ടും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ഇതിനെതിരെ പ്രതികരിച്ചിട്ടില്ല. അഴിമതി നിരോധന നിയമത്തിലെ 7 (13) (1) (D) വകുപ്പുപ്രകാരം ഒരു ക്രൈം രജിസ്റ്റർ ചെയ്ത് 15 ദിവസത്തിനുള്ളിൽ കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ആരോപണവിധേയരായ ആളുകളെ സഹായിക്കുന്നതിന് 'പ്രിലിമിനറി എൻക്വയറി' എന്നപേരിൽ ഇത് നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ഒരു

ഗൂഢശ്രമമാണ് സർക്കാർ സ്വീകരിക്കുന്നത്. ബാർ അഴിമതികേസ് നടന്നിട്ടുണ്ടെന്ന് തെളിയിക്കുന്ന ഒരു സി.ഡി. ഞാൻ മേശപ്പുറത്ത് വയ്ക്കുന്നതാണ്. അത് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ച്, തെളിവിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഇന്നുതന്നെ മന്ത്രിസഭയിൽ നിന്നും പുറത്താക്കാണം. വിവിധ അഴിമതി കേസുകളിൽ മുങ്ങിയ ഈ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയാണ് ശ്രീ. കെ.എം.മാണിയെ സംരക്ഷിക്കുന്നത്. ഈ ഭരണം ജനങ്ങൾക്ക് ഏറെ ദുഷ്കരവും ദുസ്സഹവുമായിരിക്കുകയാണ്. സംസ്ഥാനത്ത് ഒരു മന്ത്രിക്കെതിരെ പരസ്യമായി അഴിമതി ആരോപണം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ അതിന് മാതൃകാപരമായൊരു നടപടി സ്വീകരിക്കാനും ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാനും സർക്കാർ സന്നദ്ധമാകണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്രതിപക്ഷ ഉപനേതാവിന്റെ കൈവശമുള്ള സി.ഡി. സഭയുടെ മേശപ്പുറത്ത് ഇപ്പോൾ വയ്ക്കാൻ പാടില്ല. അങ്ങനെ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നുണ്ടെങ്കിൽ ചെയർ അത് പരിശോധിച്ചശേഷം മാത്രമേ സാധിക്കൂ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): പ്രസ്തുത വിഷയം സംബന്ധിച്ച് പ്രതിപക്ഷനേതാവിന്റെ പരാതി കിട്ടിയ അന്നുതന്നെ ' ക്വിക്ക് വെരിഫിക്കേഷൻ' നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്വിക്ക് വെരിഫിക്കേഷന്

45 ദിവസം വേണമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞുവെന്ന് പ്രതിപക്ഷം ഇവിടെ ഉന്നയിക്കുകയുണ്ടായി. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിജിലൻസ് ഡയറക്ടർ 5-9-2008-ൽ പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം ഇവിടെ ഒരു പുകമറ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. ഇതിൽ ഒരു പ്രാഥമിക അന്വേഷണം നട<u>ത്തു</u>കയെന്നതാണ് സർക്കാരിന്റെ ചുമതല. ഈ വിഷയത്തിൽ സുപ്രീം കോടതി നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് കേരള സർക്കാരും വിജിലൻസും പ്രവർത്തിക്കുന്നത്. നിയമവ്യവസ്ഥയെ സർക്കാർ അട്ടിമറിക്കുകയില്ല. ഈ കേസുമായി ബന്ധപ്പെട്ട് ചീഫ് വിപ്പ്, നിയമ വകുപ്പുമന്ത്രി എന്നിവരെക്കൂടാതെ 30 പേരുടെ മൊഴികളെടുക്കുകയും കേസിന്റെ പ്രോസസ് പൂർത്തിയാക്കി ഹൈക്കോടതിയിൽ ഇന്ററിം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ റിപ്പോർട്ട് 2-ാം തീയതി കോടതിയിൽ സമർപ്പിക്കുന്നതാണ്. ഈ കേസിൽ ആരെയെങ്കിലും രക്ഷിക്കാൻ വിജിലൻസോ ഗവൺമെന്റോ ശ്രമിക്കുന്നില്ല. തെറ്റ് ചെയ്തവരുടെ പേരിൽ നടപടി സ്വീകരിക്കുകയെന്നതാണ് ഗവൺമെന്റ് സമീപനം. എന്നാൽ അഴിമതിയുടെ പുകമറ സൃഷ്ടിച്ച് തെറ്റ് ചെയ്യാത്തവരെ

അപകീർത്തിപ്പെടുത്താൻ സർക്കാർ ആഗ്രഹിക്കുന്നില്ല. വിജിലൻസ് ഡയറക്ടറുടെ നേരിട്ടുള്ള നിരീക്ഷണത്തിലാണ് അന്വേഷണം നടക്കുന്നത്. ഈ കേസ്സിൽ ഒരു വിധത്തിലുമുള്ള നീതിനിഷേധമുണ്ടായിട്ടില്ലെന്നു മാത്രമല്ല, നിയമപരമായും സത്യസന്ധവുമായാണ് അന്വേഷണം നടക്കുന്നത്. അന്വേഷണം പൂർത്തിയാക്കി ഹൈക്കോടതിയിൽ ഉടനെതന്നെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇവിടെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ ഞാൻ നിഷേധിക്കുകയാണ്. ഞാനും എന്റെ പാർട്ടിയിൽപ്പെട്ടവരും ആരോടും പണം ചോദിക്കുകയോ വാങ്ങുകയോ ചെയ്തിട്ടില്ല. 26.03.2014-ൽ ബാർ ലൈസൻസ് പുതുക്കുന്ന നിർദ്ദേശങ്ങൾ വന്നപ്പോൾ ആ നിയമം പഠിച്ചില്ലെന്ന് പറഞ്ഞ് ഞാൻ മാറ്റിവയ്പിച്ചുവെന്ന സൂചന വരികയുണ്ടായി. മദ്യനയത്തെ സംബന്ധിച്ച വിഷയം മന്ത്രിസഭയിൽ വന്നപ്പോൾ ഏകാംഗ കമ്മീഷൻ റിപ്പോർട്ടും സുപ്രീംകോടതി വിധിയും Foreign Liquor റൂളിലെ ചില വ്യവസ്ഥകൾ റദ്ദുചെയ്തുകൊണ്ടുള്ള വിധിയും വന്നതിനാൽ ഈ വിഷയം നിയമവകുപ്പ് പരിശോധിക്കട്ടെയെന്ന് മന്ത്രിസഭ

തീരുമാനമെടുക്കുകയുണ്ടായി. 28.03.2014-ൽ നിയമ വകുപ്പിന്റെയും എന്റെയും അഭിപ്രായം രേഖപ്പെടുത്തി എക്സൈസ് വകുപ്പിന് ഫയൽ തിരിച്ചുനൽകുകയും 02.04.2014-ലെ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വീണ്ടും വരികയും ചെയ്തു. നിലവാരമുള്ള 312 ബാറുകൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷനും കാബിനറ്റും നിശ്ചയിച്ച നിബന്ധനകൾക്ക് വിധേയമായി ബാർ ലൈസൻസ് നൽകാൻ തീരുമാനിക്കുകയും ഏകാംഗ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണർ പരിശോധിച്ചശേഷം ബാക്കി 418 ബാറുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് നിശ്ചയിക്കുകയും ചെയ്തു. ഏകാംഗ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാബിനറ്റ് പരിശോധന നടത്താതിരുന്നതുകൊണ്ടാണ് ലൈസൻസ് പുതുക്കുന്നതിന് അനുമതി നൽകാതിരുന്നത്. അന്നത്തെ തീരുമാനം മന്ത്രിസഭയുടെ കൂട്ടായ തീരുമാനമായിരുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി, എന്നീ

പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) മരുന്നുകളുടെ വിലക്കയറ്റവും ദൗർലഭ്യവും

ശ്രീ. ബെന്നി ബെഹനാൻ: പ്രത്യേക സാഹചര്യങ്ങളിൽ അവശ്യ മരുന്നുകളുടെ പട്ടികയ്ക്ക് പുറത്തുള്ള മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയുടെ അധികാരം 2014 സെപ്റ്റംബർ 22-ലെ ഉത്തരവിലൂടെ കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തി. ഔഷധവില നിയന്ത്രണ നിയമത്തിലെ 19, 3 ഡി എന്നീ വകുപ്പുകളനുസരിച്ചാണ് ഡ്രഗ്സ് പ്രൈസിംഗ് അതോറിറ്റി 108 ഇനം ജീവൻരക്ഷാ മരുന്നുകളുടെയും മറ്റ് അവശ്യ മരുന്നുകളുടെയും വില നിയന്ത്രണ വിധേയമാക്കിയത്. 19-ാം വകുപ്പ് റദ്ദാകുന്നതോടെ മരുന്നുല്പാദന രംഗത്ത് പ്രതിസന്ധിയുണ്ടാകുകയും ജീവൻരക്ഷാ മരുന്നുൾപ്പെടെയുള്ള അവശ്യ മരുന്നുകളുടെ വില ഭീമമായി വർദ്ധിക്കുകയും ചെയ്യും. ഔഷധ വില വർദ്ധനവിൽ നിന്ന് രോഗികളെ രക്ഷിക്കുന്നതിനും രാജ്യത്തെ മുഴുവൻ മരുന്നുകളുടെയും വില നിയന്ത്രണവിധേയമാക്കുന്നതിനും നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ്

അതോറിറ്റിയുടെ അവകാശങ്ങൾ ഹനിക്കപ്പെടാതിരിക്കുന്നതിനും വേണ്ടിയുള്ള തീരുമാനമെടുക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം ഒരു സർവ്വകക്ഷി യോഗം വിളിച്ച് ഇക്കാര്യം ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആരോഗ്യ സേവന രംഗത്തെ ചെലവുകൾ വർദ്ധിക്കുന്നതിനാലാണ് ജനറിക് മരുന്നുകളും കാൻസർ ചികിത്സയ്ക്കുള്ള മരുന്നുകളും സൗജന്യമായി കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചത്. എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ കീഴിലുള്ള ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ വഴിയാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി മരുന്നുകളുടെ വില നിയന്ത്രണം നടപ്പിലാക്കുന്നത്. മരുന്നുകളുടെ വില ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിലാണ് സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് 2013-ൽ 348 ഇനം മരുന്നുകൾക്ക് വില നിയന്ത്രണം ഏർപ്പെടുത്തിയത്. ഇതിനുപുറമെ 108 ജീവൻ രക്ഷാ മരുന്നുകൾക്ക് ഏർപ്പെടുത്തിയ വില നിയന്ത്രണം പിൻവലിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ഉത്തരവിട്ടിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വിലനിയന്ത്രണം പിൻവലിക്കില്ലെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. വില നിയന്ത്രണ നയം തുടരുന്നതിന് കേന്ദ്ര ഗവൺമെന്റിൽ

ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്. മരുന്നിന്റെ വില നിയന്ത്രണ ഉത്തരവ് നിലനിർത്തുന്നതിനും പേറ്റന്റ് നിയമവുമായി ബന്ധപ്പെട്ട കംപൽസറി ലൈസൻസ് സ്കീം നിർത്തലാക്കുന്നതിനെതിരെയും നൽകിയ നിവേദനത്തിന്മേൽ അനുകൂല തീരുമാനം ഉണ്ടായില്ലെങ്കിൽ പ്രധാനമന്ത്രിയോട് വീണ്ടും ഇക്കാര്യം ഉന്നയിക്കുന്നതാണ്.

## (2) <u>തൊഴിൽ ഉറപ്പ് പദ്ധതിയിലെ പ്രശ്നങ്ങൾ</u>

<u>ശ്രീ. എം. ചന്ദ്രൻ</u>: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് നിയമത്തിൽ ഗ്രാമീണ മേഖലയിലുള്ള അവിദഗ്ദ്ധ തൊഴിലാളികളുടെ ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം ചുരുങ്ങിയത് നൂറ് ദിവസമെങ്കിലും തൊഴിലും തൊഴിൽ ചെയ്യുന്ന ഓരോ വ്യക്തിക്കും ഓരോ ദിവസത്തെ അധ്വാനത്തിന് നിശ്ചിത നിരക്കിൽ കൂലിയും പ്രസ്തുത കൂലി പതിനാല് ദിവസത്തിനകവും കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിയമ വ്യവസ്ഥയനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് വീഴ്ച വരുത്തിയിരിക്കുകയാണ്. രജിസ്റ്റർ ചെയ്ത ഓരോ തൊഴിലാളിക്കും 14 ദിവസത്തിനകം തൊഴിൽ നൽകാൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് അവർക്ക്

അർഹതയുണ്ടായിരിക്കുന്നതാണ്. രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ വളരെ കുറച്ച് പേർക്ക് മാത്രമാണ് സർക്കാർ നൂറ് ദിവസം തൊഴിൽ നൽകിയത്. നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ തൊഴിലാളികൾക്ക് മിനിമം കൂലി നൽകുകയോ വേതന കുടിശ്ശികയ്ക്ക് പലിശ നൽകുകയോ പദ്ധതി ഫണ്ട് പൂർണ്ണമായി ചെലവഴിക്കുകയോ ചെയ്യുന്നില്ല. കേന്ദ്ര ഗവൺമെന്റ് പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയിരിക്കുകയാണ്. കൂലിയുടെ അനുപാതത്തിൽ കുറവ് വരുത്തിയിരിക്കുന്നതുമൂലം തൊഴിൽ ദിനങ്ങളിൽ കുറവു വരുകയും കോൺട്രാക്ടർമാർ ലാഭമുണ്ടാക്കുകയും ചെയ്യും. പദ്ധതി നടത്തിപ്പിൽ നിന്ന് സംസ്ഥാനത്തെ 102 ബ്ലോക്കുകളെ ഒഴിവാക്കിയിരിക്കുന്നതിനെതിരെയും പദ്ധതി പരിമിതപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): തൊഴിലുറപ്പ് പദ്ധതി 50 ബ്ലോക്കിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിനുള്ള ഗവൺമെന്റ് നിർദ്ദേശം ഇതുവരെ ലഭിച്ചിട്ടില്ല. ഇത് ഒരു കേന്ദ്ര പദ്ധതിയായതിനാൽ കാലാകാലങ്ങളിൽ മാനദണ്ഡത്തിൽ വരുത്തുന്ന

മാറ്റങ്ങൾക്കനുസരിച്ച് മാത്രമേ സംസ്ഥാന ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ 152 ബ്ലോക്കുകളിലെയും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. കേന്ദ്ര നിരക്കിലുള്ള കൂലി സംസ്ഥാനത്തിന് നൽകാൻ കേന്ദ്രം ബാധ്യസ്ഥമാണെന്ന കാര്യം അവരെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ മാനദണ്ഡമനുസരിച്ച് ജോലി നൽകുന്നതിൽ കുറവ് സംഭവിക്കുന്നുണ്ടെന്ന കാര്യം സംസ്ഥാന ഗവൺമെന്റ് വീണ്ടും കേന്ദ്രമന്ത്രിയെ അറിയിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ 100 ദിവസത്തെ ജോലിയാണ് നൽകുന്നത്. അതിനുപുറമെ സംസ്ഥാന ഗവൺമെന്റിന്റെ പണം ചെലവഴിച്ചുകൊണ്ട് 100 ദിവസത്തെ തൊഴിൽ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. ഇപ്പോഴത്തെ കേന്ദ്ര നിയമത്തിൽ മാറ്റം വരുത്തിയാൽ ഓരോ തൊഴിലാളിക്കും 200 ദിവസം ജോലി നൽകാൻ സാധിക്കും. ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (ഇ.എം.എഫ്.എസ്.)വഴി ഓരോ തൊഴിലാളിക്കുമുള്ള കൂലി അക്കൗണ്ടിൽ കൊടുക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക ലഭിച്ചാൽ മുടക്കം കൂടാതെ എല്ലാ തൊഴിലാളികൾക്കും കൂലി അവരുടെ അക്കൗണ്ട് വഴി കൊടുക്കാൻ സാധിക്കും. ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെല്ലാം പരിശോധിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിർദ്ദേശങ്ങളനുസരിച്ച് ജോലിയിൽ നേരിട്ടിരിക്കുന്ന പ്രയാസം ദക്ഷിണേന്ത്യയിലെ മന്ത്രിമാരുമായുള്ള

യോഗത്തിൽ ചർച്ച ചെയ്യും. ഒരു കാരണവശാലും യു.പി.എ. ഗവൺമെന്റ് ആരംഭിച്ച എം.ജി.എൻ.ആർ.ജി.എസ്. പദ്ധതി ഡയല്യൂട്ട് ചെയ്യുകയില്ല.

## സബ്മിഷൻ

### (1) ഗ്രീൻചാനൽ സംവിധാനം

ശ്രീ. എൻ. ഷംസുദ്ദീൻ: അട്ടപ്പാടി ബ്ലോക്കിൽ ആദിവാസി സമൂഹങ്ങളുടെ ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഒരു സ്പീഡ് ട്രാക് (ഗ്രീൻചാനൽ) സംവിധാനം ഏർപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അട്ടപ്പാടി ബ്ലോക്കിൽ വളരെയധികം ശ്രദ്ധ ചെലുത്തിയിട്ടും പോരായ്മകൾ കാണുന്നു. അട്ടപ്പാടി ഐ.റ്റി.ഡി.പി.-യ്ക്ക് ഈ സാമ്പത്തിക വർഷം 80 കോടി രൂപ അനുവദിച്ചു. ഗർഭിണികളുടെയും ശിശുക്കളുടെയും ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം 550 ഗുണഭോക്താക്കൾക്ക് മാസം ആയിരം രൂപ ധനസഹായം നൽകിവരുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോരായ്മകൾ പരിഹരിക്കുന്നതിനായി ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായും സൈലന്റ്‌വാലി നാഷണൽ പാർക്ക് വൈൽഡ് ലൈഫ് ഗാർഡനെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. ഇവരുടെ സേവനം ശരിയായ

രീതിയിൽ പുരോഗമിക്കുന്നതിനാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും.

(2) വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കൽ

ശ്രീമതി കെ.എസ്. സലീഖ: ആദിവാസികളായ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാനത്തെ ആദിവാസി സ്ത്രീകളും കുട്ടികളും വൃദ്ധരും അനുഭവിക്കുന്ന പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയിൽ വന്ന പോരായ്മകൾ സർക്കാർ പരിഹരിക്കുന്നതാണ്. ആദിവാസിക്ഷേമത്തിനായി നീക്കിവച്ച ഫണ്ട് യഥാസമയത്ത് പ്രയോജനപ്രദമായി വിനിയോഗിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. ആദിവാസിക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ വഴി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാരുമായി ആലോചിച്ച് പ്രത്യേക സ്കീമുണ്ടാക്കുന്നതാണ്.

**(3) റെയിൽവേ അണ്ടർബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണം**

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി റെയിൽവേ അണ്ടർ ബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് പ്രത്യേക അനുമതി നൽകുന്നതിന് നടപടി

സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ചാലക്കുടി റെയിൽവേ അണ്ടർ ബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാനുണ്ട്. പാർലമെന്റ് പാസ്സാക്കിയ പുതിയ ലാന്റ് അക്വിസിഷൻ ആക്ടിന് അനുസൃതമായ ചട്ടങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് റോഡിനുവേണ്ട സ്ഥലം ഏറ്റെടുക്കേണ്ടത്. എ.എസ്. കമ്മിറ്റി ഈ വിഷയം പരിഗണിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) ഇരട്ടച്ചിറ കോവിലകം പുരാവസ്തു വകുപ്പ് ഏറ്റെടുക്കൽ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ചരിത്രപ്രാധാന്യമുള്ള തൃശ്ശൂർ ഇരട്ടച്ചിറ കോവിലകം എത്രയും വേഗം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): തൃശ്ശൂരിലെ ഇരട്ടച്ചിറ കോവിലകം വളരെയധികം ചരിത്ര പ്രാധാന്യമുള്ളതാണ്. ഈ മന്ദിരം നിലവിൽ ജില്ലാ ഡ്രഗ്സ് വെയർഹൗസിംഗ് കോർപ്പറേഷൻ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യ

വകുപ്പുമന്ത്രിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടി ഈ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (5) പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ: സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും പരിസരങ്ങളിലും വിവിധ കേസ്സുകളിലായി പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളും അതിലെ സാധനങ്ങളും നശിച്ചുപോകാതെ യഥാസമയം ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനായി ഇതുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വിവിധ കേസ്സുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ കേസ് തീർപ്പാക്കുന്നതുവരെ വിവിധ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ സൂക്ഷിക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡരികിലും സൂക്ഷിക്കുന്ന വാഹനങ്ങൾ കാലതാമസം കൂടാതെ ഡിസ്പോസ് ചെയ്യണമെന്ന് എല്ലാ വകുപ്പുകൾക്കും സർക്കുലർ നൽകുകയും ബന്ധപ്പെട്ട വകുപ്പുകൾ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറി

ചെയർമാനായും വിവിധ വകുപ്പ് മേധാവികൾ അംഗങ്ങളുമായുള്ള കമ്മിറ്റി യോഗം ചേർന്ന് ഇതിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## (6) സബ്കോടതിക്ക് സ്ഥലം അനുവദിക്കൽ

ശ്രീ. സി. ദിവാകരൻ: കരുനാഗപ്പള്ളി താലൂക്ക് സബ് കോടതി കെട്ടിടം നിർമ്മിക്കുന്നതിന് കെ.എ.പി. പ്രോജക്ടുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്തിന്റെ കുറച്ചുഭാഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഏരിയയും ഏതുഭാഗത്താണ് സ്ഥലം ആവശ്യമുള്ളതെന്നുമുള്ള വിശദാംശങ്ങൾ സഹിതം അപേക്ഷ നൽകിയാൽ ഭൂമി വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (7) വിദ്യാർത്ഥിയെ പീഡിപ്പിച്ച സംഭവം

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം നിയോജകമണ്ഡലത്തിലെ ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ബാലികയെ പീഡിപ്പിച്ച സംഭവം ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

നാദാപുരത്തെ വളയം പോലീസ് സ്റ്റേഷൻ പരിധിയിലെ പാറക്കടവ് ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ നാലര വയസ്സുള്ള ബാലികയെ പീഡിപ്പിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും സ്കൂൾ അതിഥി മന്ദിരത്തിലെ അന്തേവാസികളായ രണ്ടുപേരെ അറസ്റ്റ് ചെയ്ത് റിമാന്റിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ഇപ്പോൾ ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനാവശ്യമായ നിയമ നടപടികളുമായി ഗവൺമെൻറ് മുന്നോട്ടുപോകുന്നതാണ്.

## (8) പഠന സമയം പുന:ക്രമീകരിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ: സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അശാസ്ത്രീയമായ പഠന സമയം പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ലബ്ബാ കമ്മിറ്റി ചെയർമാന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് നിലവിലുള്ള അദ്ധ്യയന സമയങ്ങളിൽ കുറവുവരാതെ പ്രവൃത്തി ദിവസങ്ങളിൽ മാറ്റം വരുത്തിയിട്ടുള്ളത്. പ്രവൃത്തിസമയത്തിൽ മാറ്റം വരുത്തിയതിലൂടെ സർക്കാരിന് യാതൊരുവിധ അധിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ശനിയാഴ്ച നഷ്ടപ്പെടുന്ന സമയം തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെയുള്ള ദിവസങ്ങളിൽ

ക്രമീകരിച്ചുകൊണ്ടുള്ള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം രാവിലെ 9.30 മുതൽ വൈകുന്നേരം 4.45 വരെയെന്നുള്ള രീതിയിൽ ക്ലാസ് സമയം ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത സമയഘടനയിൽ പീരിഡുകൾക്കിടയിലുള്ള ഇടവേളകളും ഉച്ചഭക്ഷണ ഇടവേളയും അപര്യാപ്തമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇടവേളകൾ 10 മിനിറ്റായും ഉച്ചഭക്ഷണ ഇടവേള തിങ്കൾ മുതൽ വ്യാഴാഴ്ചവരെ 40 മിനിറ്റായും വെള്ളിയാഴ്ച 95 മിനിറ്റായും പുന:ക്രമീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം രാവിലെ 9 മണി മുതൽ വൈകുന്നേരം 4.45 വരെയാണ് ക്ലാസ് സമയം ക്രമീകരിച്ചിരിക്കുന്നത്. പ്രസ്തുത സമയക്രമത്തിന്മേൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇനിയൊരു മാറ്റം വരുത്തുകയാണെങ്കിൽ ഹയർ സെക്കണ്ടറി അദ്ധ്യയന സമയത്തിലും അദ്ധ്യാപക തസ്തികകളിലും കുറവുണ്ടാകുമെന്നതിനാൽ പ്രസ്തുത സമയക്രമത്തിലൊരു മാറ്റം വരുത്തേണ്ടതില്ല.

(9) മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് ഭരണാനുമതി

ഡോ. എൻ. ജയരാജ്: പൊൻകുന്നം മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി നൽകുന്നതിനുള്ള നടപടി

സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പൊൻകുന്നം മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് 493 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ആദ്യം ലഭിച്ച ടെണ്ടർ സിംഗിൾ ടെണ്ടർ ആയതിനാൽ റീടെണ്ടർ ചെയ്തുവെങ്കിലും വീണ്ടും സിംഗിൾ ടെണ്ടർ ലഭിക്കുകയാണുണ്ടായത്. ഇതിൽ 59 ശതമാനം അധികനിരക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിന് യഥാസമയം സമർപ്പിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനും കെട്ടിടനിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(10) തോട്ടപ്പള്ളി പൊഴിമുഖത്തെ ആരോഗ്യ പ്രശ്നങ്ങൾ

ശ്രീ. ജി. സുധാകരൻ: തോട്ടപ്പള്ളി പൊഴിമുഖത്ത് ചെമ്മീൻതോട് ഉണക്കുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ തടയുന്നതിനും അവിടത്തെ അനധികൃത മണൽ കടത്ത് തടയുന്നതിനും ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള

പ്രസ്തുത സ്ഥലം സംരക്ഷിച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): തോട്ടപ്പള്ളി പൊഴിമുഖത്തേയ്ക്ക് മറ്റു സ്ഥലങ്ങളിൽ നിന്നും ചെമ്മീൻതോട് കൊണ്ടുവന്ന് ഉണക്കുന്നതുമൂലമുള്ള മലിനീകരണം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും റവന്യൂ വകുപ്പുദ്യോഗസ്ഥർക്കും ജില്ലാ എൺവയോൺമെൻറ് എഞ്ചിനീയർക്കും മലിനീകരണ നിയന്ത്രണ ബോർഡ് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അവിടത്തെ അനധികൃത മണൽ കടത്ത് തടയുന്നതിന് ജില്ലാകളക്ടർ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സ്ഥലം കയ്യേറ്റത്തെ സംബന്ധിച്ച് റവന്യൂ അധികാരികളോട് സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### പക്ഷിപ്പനി നിയന്ത്രണവും നിവാരണവും

സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട പക്ഷിപ്പനി നിയന്ത്രണത്തിനും നിവാരണത്തിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കേരളത്തിലെ

സർവ്വകലാശാലകൾക്ക് കീഴിലുള്ള ഉന്നത നിലവാരം പുലർത്തുന്ന പത്ത് ശതമാനം കോളേജുകൾക്കെങ്കിലും സ്വയംഭരണാവകാശം നൽകണമെന്ന യു.ജി.സി. നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനായി എൻ. ആർ. മാധവ മേനോൻ സമിതിയെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ ശിപാർശ പ്രകാരം ഈ അദ്ധ്യയന വർഷം മുതൽ യു.ജി.സി.യുടെയും യൂണിവേഴ്സിറ്റിയുടെയും മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹത നേടിയ കോളേജുകൾക്ക് അക്കാദമിക സ്വയംഭരണാവകാശം നൽകുന്നതിനുവേണ്ടി സർവ്വകലാശാലകളുടെ ആക്ടുകളിലും ബന്ധപ്പെട്ട നിയമങ്ങളിലും ഒരു ചാപ്റ്റർ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അക്കാദമിക സ്വയംഭരണാവകാശം നൽകുന്നതിന് 10 മാനദണ്ഡങ്ങൾ യു.ജി.സി. നിഷ്കർഷിക്കുകയും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ ഒരു വിദഗ്ധ സമിതിയെ ബില്ലിൽ വ്യവസ്ഥ ചെയ്യുകയും സ്വയംഭരണ കോളേജുകൾക്ക് അതാത് സർവ്വകലാശാലകളുടെ ആക്ടിനും സ്റ്റാറ്റ്യൂട്ടിനും സർവ്വകലാശാലകൾ പുറപ്പെടുവിക്കുന്ന വിവിധ നിയമങ്ങൾക്കും വിധേയമായി മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂവെന്ന നിബന്ധന നിലനിർത്തുകയും

ചെയ്തിട്ടുണ്ട്. സ്വയംഭരണ കോളേജുകൾക്ക് അക്കാദമിക കാര്യങ്ങൾക്കു മാത്രമാണ് സ്വയംഭരണം നൽകുന്നത് എന്നതിനാൽ സർവ്വകലാശാല/സർക്കാർ നിയമങ്ങളിൽ നിന്ന് വേറിട്ട് പ്രവർത്തിക്കാൻ ഈ നിയമം അനുമതി നൽകുന്നില്ല.

ശ്രീ. എ. പ്രദീപ് കുമാർ: I move that- "This House resolves to disapprove the University Laws (Third Amendment) Ordinance,2014 (Ordinance No. 18 of 2014)". പത്ത് ശതമാനം കോളേജുകൾക്ക് അക്കാദമിക സ്വയംഭരണാവകാശം നൽകണമെന്നത് യു.ജി.സി.യുടെ നിർദ്ദേശം മാത്രമാണ്. കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകിയാലുണ്ടാകാവുന്ന ദൂരവ്യാപക പ്രത്യാഘാതങ്ങൾ സംബന്ധിച്ച് സമഗ്ര പഠനം നടത്താതെ ഓട്ടോണമി എന്ന ആശയം നടപ്പിലാക്കുന്നത് ആശാസ്യമല്ല. ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷനുകൾ ചില നിബന്ധനകളോടുകൂടിയാണ് അക്കാദിക് ഓട്ടോണമി എന്ന ആശയം അവതരിപ്പിച്ചിട്ടുള്ളത്. രാജ്യത്ത് ഓട്ടോണമസ് പദവി നൽകിയിട്ടുള്ള കോളേജുകൾ പലതും വൻ പരാജയമായിരിക്കെ വിദ്യാഭ്യാസ രംഗത്തെ വ്യവസായവത്കരിക്കുന്ന മാനേജ്മെന്റുകളെ തൃപ്തിപ്പെടുത്തുകയെന്നതാണ് ഈ പദവി നൽകുന്നതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സിലബസ് നിശ്ചയിക്കൽ,

പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം തുടങ്ങിയ അധികാരങ്ങൾ മാനേജ്മെന്റുകൾക്ക് നൽകുന്ന ഈ സംവിധാനം കോളേജുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിന് പുറമെ വിദ്യാഭ്യാസ മേഖലയുടെ തകർച്ചയ്ക്ക് കാരണവുമാകും. വിദ്യാഭ്യാസ രംഗത്തെ അനഭിലഷണീയ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെറിറ്റ് അടിസ്ഥാനത്തിൽ മാത്രം നിയമനങ്ങൾ നടത്തുന്നതിനും സർക്കാർ തയ്യാറാകണം. കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ ദീർഘനാളായി നടത്തിവരുന്ന സമരം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. വി. ശിവൻകുട്ടി : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം വിവാദങ്ങളുടെ മേഖലയായി മാറിയിരിക്കുകയാണ്. ഈ രംഗത്ത് നിലനിൽക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സർവ്വകലാശാലകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയെ കച്ചവടച്ചരക്കാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഉയർന്ന നിലവാരമുള്ള ആർട്സ് & സയൻസ് കോളേജുകളെയും എഞ്ചിനീയറിംഗ് കോളേജുകളെയും സ്വയംഭരണ അധികാരം നേടാൻ പ്രോത്സാഹിപ്പിക്കുമെന്ന സർക്കാർ നയത്തിന് കടകവിരുദ്ധമായി

ബില്ലിന്റെ പരിധിയിൽനിന്ന് എഞ്ചിനീയറിംഗ് കോളേജുകളെ ഒഴിവാക്കിയിരിക്കുകയാണ്. സർവ്വകലാശാല വൈസ് ചാൻസലർമാരുടെ യോഗ്യതയും നിയമനരീതിയും സംബന്ധിച്ച് വൻവിവാദങ്ങളാണ് സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പുതിയ വൈസ് ചാൻസലർ നിയമിതനായതിനുശേഷം പ്രസ്തുത സ്ഥാപനം വിവാദങ്ങളിൽനിന്നും ഒഴിഞ്ഞുനിന്നിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ ഉന്നത നിലവാരം പുലർത്തുന്ന കേരളത്തിൽ കാര്യങ്ങൾ യാഥാർത്ഥ്യബോധത്തോടെ പഠിച്ചശേഷം മാത്രമേ അക്കാദമിക സ്വയംഭരണം അനുവദിക്കാവൂ. സെനറ്റ്, സിൻഡിക്കേറ്റ് തുടങ്ങിയ ജനാധിപത്യ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും അക്കാദമിക് കൗൺസിലിൽ അധ്യാപക-വിദ്യാർത്ഥി പ്രതിനിധികളെ ഉൾപ്പെടുത്തുകയും ചെയ്യണം. രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ വഴി ലഭിക്കേണ്ട അർഹതപ്പെട്ട പണം കേന്ദ്ര സർക്കാരിൽനിന്ന് വാങ്ങിയെടുക്കാൻ പരാജയപ്പെട്ടവർ യു.ജി.സി. നൽകുന്ന ഗ്രാന്റ് ലഭിക്കാനായി ഓട്ടോണമി അനുവദിക്കുന്നു എന്ന് വാദിക്കുന്നത് പരിഹാസ്യമാണ്. വിദ്യാഭ്യാസ മേഖലയെ അവഹേളിക്കുന്ന ബില്ലിലെ വ്യവസ്ഥകളെ എതിർക്കുന്നു. കേരള സർവ്വകലാശാല പ്രോ വൈസ് ചാൻസലറെ സിൻഡിക്കേറ്റ് യോഗത്തിൽ

അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്ത സംഭവത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യാനും പ്രോ വൈസ് ചാൻസലർക്ക് സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് അടച്ചുപൂട്ടിയ പത്ത് ബി.എഡ്. ട്രെയിനിംഗ് കോളേജുകൾ നിലനിർത്താൻ ആവശ്യമായ നടപടിയുമുണ്ടാകണം. കേന്ദ്ര ശാസ്ത്ര-സാങ്കേതിക മന്ത്രാലയം കേരള യൂണിവേഴ്സിറ്റിക്ക് ഗവേഷണങ്ങൾക്കായി അനുവദിച്ച മൂന്ന് കോടി രൂപ പാഴാക്കിയിരിക്കുകയാണ്. നിയമനവുമായി ബന്ധപ്പെട്ട് മാനേജ്മെന്റുകളുടെ ആവശ്യംകൂടി അംഗീകരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയിരിക്കുന്നതുമൂലം എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ അട്ടിമറിച്ചിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിപ്ലകരമായ മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമായ ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കണം. തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിലെ പെൺകുട്ടികളുടെ ഹോസ്റ്റലിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഹോസ്റ്റൽ വാർഡൻ നടത്തുന്ന തിരിമറികൾക്കെതിരെ നടപടി സ്വീകരിക്കുകയും വേണം.

ഡോ. കെ. ടി. ജലീൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഓട്ടോണമസ്

കോളേജുകൾ ആരംഭിക്കുന്നതിനാണ് കേരള സർവ്വകലാശാല നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിലെ മൂന്ന് മേഖലകളിൽനിന്നായി മൂന്ന് സർക്കാർ കോളേജുകൾ തെരഞ്ഞെടുത്ത് സ്വയംഭരണാവകാശ കോളേജുകൾ ആരംഭിക്കുകയും അതിലുള്ള പോരായ്മകൾ മനസ്സിലാക്കിയതിനുശേഷം മറ്റ് കോളേജുകളിലേയ്ക്ക് വ്യാപിപ്പിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. യു.ജി.സി. ശിപാർശ പ്രകാരം ഓട്ടോണമസ് കോളേജുകളെ കണ്ടെത്തിയതിൽ രണ്ട് സർക്കാർ കോളേജുകളും പതിനൊന്ന് എയ്ഡഡ് കോളേജുകളും ഉൾപ്പെടുന്നു. കേരളത്തിൽ സർക്കാർ കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കുന്നതോടുകൂടി ഉന്നത വിദ്യാഭ്യാസ രംഗത്ത് അനാരോഗ്യകരമായ പ്രവണതയ്ക്ക് തുടക്കംകുറിക്കുന്ന അവസ്ഥയുണ്ടാകുകയും വിദ്യാഭ്യാസ രംഗത്തെ പ്രാദേശിക-സാമുദായിക സന്തുലിതത്വം ഇല്ലാതാകുകയും ചെയ്യും. ഓട്ടോണമസ് പദവിക്കായി ഭൂരിപക്ഷ സമുദായങ്ങൾ നടത്തുന്ന കോളേജുകളൊന്നും മുന്നോട്ടുവന്നിട്ടില്ല എന്നതുകൊണ്ടുതന്നെ വിദ്യാഭ്യാസ മേഖലയിൽ പാലിച്ചുപോരുന്ന സാമുദായിക സന്തുലിതാവസ്ഥ ഈ ബിൽ നിയമമാകുന്നതോടുകൂടി ഇല്ലാതെയാകുകയാണ്. ഡീംഡ് യൂണിവേഴ്സിറ്റികൾ യഥേഷ്ടം ഉണ്ടായപ്പോൾ വിദ്യാഭ്യാസ നിലവാരം ഉയരുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും നിലവാരത്തകർച്ചമൂലം ഇവ വിദ്യാഭ്യാസത്തിന്റെ കച്ചവട കേന്ദ്രങ്ങളായി

മാറുകയാണെന്ന വിമർശനം പോലും കോടതിയുടെ ഭാഗത്തുനിന്നുണ്ടായി. പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലത്ത് യു.ജി.സി പുറത്തിറക്കിയ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് രാജ്യത്തെ 84 സർവ്വകലാശാലകൾക്ക് കീഴിൽ വരുന്ന 441 കോളേജുകൾ മാത്രമാണ് സ്വയംഭരണ അവകാശം നേടിയിട്ടുള്ളത്. യു.ജി.സി. പരിഷ്കാരം കൊണ്ടുവരുമ്പോൾ ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള 25 മുതൽ 30 വരെ വർഷം സേവന പരിചയമുള്ള അദ്ധ്യാപകരെ സാങ്കേതിക യോഗ്യതകൾ നേടണമെന്ന നിഷ്കർഷയിൽനിന്ന് ഒഴിവാക്കണം. നമ്മുടെ കുട്ടികൾക്ക് നാട്ടിൽത്തന്നെ പഠിക്കാൻ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സ്വാശ്രയ കോളേജുകൾ ആരംഭിച്ചതെങ്കിലും അതിന്റെ ഗുണനിലവാരം ഉയർത്താൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത എഞ്ചിനീയറിംഗ് കോളേജുകളിൽ പഠനത്തിന് ചേർന്നശേഷം ഏതെങ്കിലും കാരണവശാൽ ഇടയ്ക്കുവച്ച് കോഴ്സ് നിറുത്തിപോരുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് മുഴുവനും കൊടുക്കേണ്ട അവസ്ഥ നിലനിൽക്കുന്നു. ഇതുതന്നെയായിരിക്കും സെൽഫ് ഫിനാൻസിംഗ് മോഡലിൽ പ്രവർത്തിക്കാൻ പോകുന്ന സ്വയംഭരണ കോളേജുകളുടെയും സ്ഥിതി. ഗവൺമെന്റ് ഓട്ടോണമസ് കോളേജുകളിൽ ആരംഭിക്കുന്ന പുതിയ കോഴ്സുകൾ ഏത് രീതിയിലായിരിക്കുമെന്നത് സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എയ്ഡഡ്/ഗവൺമെന്റ്

കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കുന്നതോടെ രണ്ടു തരത്തിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി സംഘങ്ങൾ ഉണ്ടാവുകയും കാമ്പസിലെ സമാധാനാന്തരീക്ഷം തകരുകയും ചെയ്യും. ഓട്ടോണമസ് കോളേജുകൾ വരുന്നതോടുകൂടി കേരളത്തിലെ സർക്കാർ കോളേജുകളിലും സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങേണ്ടിവരും. യൂണിവേഴ്സിറ്റിയും യു.ജി.സിയും അംഗീകരിച്ച രീതിയിൽ മാത്രമേ ഓട്ടോണമസ് കോളേജുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയോ ഫീസ് വാങ്ങുകയോ ചെയ്യുകയുള്ളൂവെന്ന് പറയുന്നുണ്ടെങ്കിലും അവിടെ ആരംഭിക്കുന്ന പുതിയ കോഴ്സുകളെപ്പറ്റി ഈ ബില്ലിൽ യാതൊരു വ്യക്തതയുമില്ല. യു.ജി.സി. മാനദണ്ഡങ്ങൾ നിശ്ചയിച്ചപ്പോൾ ഈ കോളേജുകളുടെ സാമൂഹ്യ പ്രതിബദ്ധത അളക്കാനുള്ള യാതൊരുവിധ മാനദണ്ഡവും ഈ ബില്ലിൽ മുന്നോട്ടുവച്ചിട്ടില്ല. ഓട്ടോണമസ് പദവി ലഭിക്കുന്ന കോളേജുകളിൽ ഒരിടത്തും എസ്.സി/എസ്.ടി/ഒ.ബി.സി./ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്ന ആരെയും അദ്ധ്യാപകരായി നിയമിച്ചിട്ടില്ലെന്നുള്ളത് ഒരു പോരായ്മയാണ്. ഓട്ടോണമസ് പദവിക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള 13 കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കുമ്പോൾ 40 ശതമാനമെങ്കിലും സാമുദായികമായി പിന്നോക്കം നിൽക്കുന്നവർക്കായി സംവരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഓട്ടോണമസ് കോളേജുകൾക്ക് സ്വയംഭരണാധികാരം കൊടുത്താൽ അത്

കേരളത്തിലെ സർവ്വകലാശാലകളുടെ നാശത്തിലേയ്ക്ക് നയിക്കും. എയ്ഡഡ് കോളേജുകളിലെ മാനേജർമാരുടെയും പ്രിൻസിപ്പൽമാരുടെയും വി.സി.യുടെയും പി.വി.സി.യുടെയും നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഓട്ടോണമസ് കോളജ് അധികാരികളുടെ മാത്രം നേതൃത്വത്തിൽ നടക്കുന്നുവെന്നത് തികച്ചും അപമാനകരമാണ്. ഓട്ടോണമസ് കോളേജുകളിലെ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും 45 ദിവസത്തിനുള്ളിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാകുമെന്ന് പറയുമ്പോൾ സർവ്വകലാശാലകളിൽ റെഗുലർ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ അവരുടെ സർട്ടിഫിക്കറ്റിനായി വർഷങ്ങളോളം കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള ഒരു ഭേദഗതി ഈ ബില്ലിൽ കൊണ്ടുവരണം. കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ വരുന്നതോടുകൂടി വിദ്യാഭ്യാസ നിലവാരം തകരുന്നതിനും നാലാംകിട വിദേശ സർവ്വകലാശാലകൾക്ക് ആധിപത്യമുറപ്പിക്കുവാനുള്ള അവസരമുണ്ടാക്കുകയുമാണ് ചെയ്യുന്നത്. ഗവൺമെന്റ് അൺഎയ്ഡഡ് ഓട്ടോണമസ് കോളേജുകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപക-അനദ്ധ്യാപക നിയമനം, സേവനവേതന വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് മൗനം പാലിക്കുന്നതിനാലും പുതിയ കോഴ്സുകൾ എയ്ഡഡ് കോഴ്സുകളാണോ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളാണോ എന്നുള്ള കാര്യത്തിൽ അവ്യക്തതയുള്ളതിനാലും ഈ ബിൽ പിൻവലിക്കണമെന്ന് അപേക്ഷിക്കുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ അൺഎയ്ഡഡ് കോഴ്സുകളുണ്ടെങ്കിലും ഗവൺമെന്റ് കോളേജുകളിൽ ഒരു അൺ എയ്ഡഡ് കോഴ്സുപോലുമില്ല. ഇപ്പോൾ ഓട്ടോണമി പദവി നൽകാൻ തീരുമാനിച്ചിരിക്കുന്ന 13 കോളേജുകളിൽ രണ്ടെണ്ണം ഗവൺമെന്റ് കോളേജുകളാകുമ്പോൾ നാളെ ഈ കോളേജുകളിലും അൺഎയ്ഡഡ് കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള എയ്ഡഡ് കോളേജുകൾ അൺഎയ്ഡഡ് കോളേജുകളായി മാറുകയും ചെയ്യുന്ന അപകടകരമായ വ്യവസ്ഥയാണ് ഈ ബില്ലിലുള്ളത്. അതുകൊണ്ട് ഈ ബിൽ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം. ഗുണനിലവാരം വർദ്ധിപ്പിക്കാൻവേണ്ടി കൊണ്ടുവരുന്ന ഈ പരിഷ്കാരം ഉന്നതവിദ്യാഭ്യാസ രംഗത്ത് ലക്ഷ്യമാക്കുന്ന തുല്യതയ്ക്ക് കടകവിരുദ്ധമാണ്. വിദ്യാർത്ഥി പ്രവേശനം, കോഴ്സ്, പരീക്ഷ തുടങ്ങിയ കാര്യങ്ങൾ ഇതുവരെ ചെയ്തത് സർവ്വകലാശാലകളാണെങ്കിൽ ഈ ഉത്തരവാദിത്വത്തിൽ നിന്ന് അവയെ ഒഴിവാക്കി ഈ ജോലികൾ മുഴുവൻ കോളേജുകൾക്ക് ഏൽപ്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. സർവ്വകലാശാലകളുടെ അമിതഭാരം കൊണ്ടാണ് ഇത്തരത്തിലുള്ള ഒരു നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുന്നതെങ്കിൽ ചില കോളേജുകളെ മാത്രം സ്വതന്ത്രമാക്കാതെ നിലവിലുള്ള കോളേജുകളെ ഒരു ക്ലസ്റ്ററാക്കി മാറ്റി ഇതിന് പരിഹാരം കാണാൻ ശ്രമിക്കണമെന്നാണ് ഇതുസംബന്ധിച്ച പഠന റിപ്പോർട്ട്

സൂചിപ്പിക്കുന്നത്. എയ്ഡഡ് കോളേജുകൾക്ക് ഓട്ടോണമി പദവി കൂടി നൽകിയാൽ കോഴയുടെ കൊയ്ത്തായിരിക്കും ഇവിടെയുണ്ടാകാൻ പോകുന്നത്. എയ്ഡഡ് കോളേജുകൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളായി മാറ്റപ്പെടും. അക്കാഡമിക് ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവരുന്നതെന്നാണ് ഗവൺമെന്റിന്റെ അവകാശവാദമെങ്കിലും ഏതെങ്കിലും അംഗീകൃത ഉന്നത വിദ്യാഭ്യാസ ഗവേഷണ, ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള ഉയർന്ന യോഗ്യതയോ അല്ലെങ്കിൽ അവിടെ പഠിപ്പിച്ച അനുഭവപരിജ്ഞാനമോ ഒന്നുംതന്നെ ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ സ്ഥാനത്തേയ്ക്ക് വരുന്ന ആളുകൾക്ക് വേണമെന്ന് ഈ ബില്ലിൽ നിഷ്കർഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ പൂർണ്ണമായും മാനേജ്മെന്റിന്റെ ഇംഗിതത്തിനും താൽപ്പര്യത്തിനുമനുസരിച്ച് ആ കോളേജ് പോകുമെന്ന കാര്യത്തിൽ യാതൊരുവിധ സംശയവുമില്ല. ഗവേണിംഗ് കൗൺസിലിലും അക്കാഡമിക് കൗൺസിലിലും ഉൾപ്പെടെയുള്ള സ്വയംഭരണ കോളേജുകളുടെ ഭരണ സംവിധാനത്തിൽ വിദ്യാർത്ഥി പ്രാതിനിധ്യം ശിപാർശ ചെയ്തിട്ടില്ലെന്നുള്ളത് ഈ ബില്ലിലെ ന്യൂനതയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മൂല്യനിർണ്ണയത്തിൽ പിന്നിലായിരുന്ന എയ്ഡഡ് കോളേജുകളെ സ്വയംഭരണ കോളേജുകളുടെ പട്ടികയിൽ തിരുകിക്കയറ്റാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രമിച്ചതായും പരീക്ഷാ കൺട്രോളർ നിയമന യോഗ്യതകളിൽ ഇളവ്

വരുത്തുന്നതിന് മാനേജ്മെന്റുകൾ സമ്മർദ്ദം ചെലുത്തുന്നതുമായുള്ള പത്രവാർത്തകൾ സംബന്ധിച്ച് സർക്കാർ വിശദീകരണം നൽകണം. സ്വയംഭരണാവകാശമുള്ള ഗവൺമെന്റ് കോളേജുകളിൽ ആരംഭിക്കുന്ന പുതിയ കോഴ്സുകളുടെ ഫീസ് സർക്കാർ നിശ്ചയിക്കുന്നതായിരിക്കുമോ എന്ന് വ്യക്തമാക്കണം. അക്കാദമിക് കൗൺസിലിൽ നോൺ അക്കാഡമീഷ്യന്മാരെ ഉൾപ്പെടുത്തുന്നത് വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്നതിനാണ്. സാമൂഹ്യനീതിയും തുല്യതയും ഉറപ്പുവരുത്താൻ കഴിയാത്ത ഈ ബിൽ പിൻവലിക്കാൻ തയ്യാറാകണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. സ്വയംഭരണാധികാരമുള്ള കോളേജുകളുടെ പട്ടികയിൽ കൂടുതൽ എയ്ഡഡ് കോളേജുകളെ ഉൾപ്പെടുത്തിയതിൽ നിന്നുതന്നെ വിദ്യാഭ്യാസ കച്ചവടക്കാരുടെ താല്പര്യ സംരക്ഷണത്തിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് എന്ന് വ്യക്തമാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതോടെ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലുണ്ടായ മൂല്യതകർച്ചയുടെ ആക്കം വർദ്ധിപ്പിക്കുന്നതിനും ഇത് കാരണമാകും. സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർവ്വകലാശാലകളുടെ അധികാരം പരിമിതമാണ്. കോളേജുകൾക്ക് സ്വയംഭരണാധികാരം ലഭിക്കുന്നതിന് പത്തു വർഷത്തെ പ്രവർത്തന പരിചയം മാനദണ്ഡമാക്കുന്നത് സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയെ പുറകോട്ടടിക്കും.

ജനാധിപത്യബോധവും മതനിരപേക്ഷതാ ചിന്തയും മാനവികതയും ശക്തിപ്പെടുത്തുന്ന തലത്തിലേക്ക് ഉയരാൻ സ്വയംഭരണ കോളേജുകൾക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. കേരളത്തിൽ സ്വയംഭരണ കോളേജുകൾ ആരംഭിക്കാനുള്ള നീക്കം അപക്വവും അനവസരത്തിലുമുള്ളതാകയാൽ ഗവൺമെന്റ് അതിൽനിന്നും പുറകോട്ടുപോകാൻ തയ്യാറാകണം. പാഠ്യപദ്ധതി, സിലബസ്, കോഴ്സുകളുടെ ഘടന എന്നീ വിഷയങ്ങളിലെല്ലാംതന്നെ വ്യക്തമായ ധാരണ ഉണ്ടാകണം. സ്വയംഭരണ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭ്യമാക്കുമെന്നുള്ള തീരുമാനം വിദ്യാർത്ഥികളെ സ്വയംഭരണ കോളേജുകളിലേക്ക് ആകർഷിക്കുന്നതിനുവേണ്ടിയുള്ളതാണ്. കോഴ്സ് സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭ്യമാക്കാനുള്ള തീരുമാനം കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാക്കണം. വിദ്യാഭ്യാസ കച്ചവടക്കാരോടുള്ള താൽപ്പര്യംകൊണ്ട് മാത്രമാണ് ഗവൺമെന്റ് സ്വയംഭരണാധികാരമുള്ള കോളേജുകൾ ആരംഭിക്കാനുദ്ദേശിക്കുന്നത്. അതിനാൽ ഈ ബില്ലിനെ ശക്തമായി എതിർക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പൊതുവിദ്യാഭ്യാസത്തിലും സാക്ഷരതയിലും മുന്നിൽ

നിൽക്കുന്ന സംസ്ഥാനമാണെങ്കിലും ഉന്നത വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്. വൈസ് ചാൻസലർമാരുടെ നിയമനത്തിലും മുമ്പുണ്ടായിരുന്ന നിലവാരം കേരളത്തിലെ സർവ്വകലാശാലകൾക്കില്ല. 19 സംസ്ഥാനങ്ങളിലായി 420 സ്വയംഭരണാവകാശമുള്ള കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഹയർ എഡ്യൂക്കേഷനെ സംബന്ധിച്ചുള്ള യു.ജി.സി.-യുടെ 11-ാമത് പ്ലാൻ ഡോക്യുമെന്റിലും കോത്താരി കമ്മീഷന്റെ 1964-66-ലെ റിപ്പോർട്ടിലും സ്വയംഭരണ കോളേജുകളുടെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്. കഴിവുള്ള കോളേജുകൾക്ക് കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മികച്ച രീതിയിലുള്ള അക്കാഡമിക് ഇന്നൊവേഷനും എക്സ്പരിമെന്റ്സും നടത്താനുള്ള സ്വാതന്ത്ര്യം ലഭ്യമാക്കുന്നതിനാണ് സ്വയംഭരണാവകാശം നൽകുന്നത്. സർവ്വകലാശാലയുടെ മൂലനിയമത്തിന്റെ അധികാരങ്ങൾ അതേപടി നിലനിർത്തിക്കൊണ്ടാണ് കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നത്. നിബന്ധനകൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന കോളേജുകളുടെ അക്കാദമിക് ആട്ടോണമി റദ്ദ് ചെയ്യുന്നതിന് സ്വയംഭരണാധികാര അംഗീകാര കമ്മിറ്റിക്ക് അധികാരമുണ്ട്. 45 ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യണമെന്ന് ബില്ലിൽ വ്യവസ്ഥ

ചെയ്തിരിക്കുന്നത് പ്രശംസനീയമാണ്. കോളേജുകളിൽ റിസർച്ച് ആന്റ് ഡെവലപ്മെന്റ് നടത്താനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിലൂടെ വിദേശ സർവ്വകലാശാലകളോട് കിടപിടിക്കത്തക്ക രീതിയിൽ ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നതിനും അതുവഴി വിവിധ മേഖലകളിൽ വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിനും വഴിയൊരുക്കും.

ശ്രീ. ആർ. രാജേഷ് : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിദ്യാഭ്യാസ കൊള്ള നടത്തുന്നതിനുള്ള മാർഗ്ഗമായി സ്വയംഭരണ കോളേജുകളെ മാറ്റുന്നതിനുള്ള ഉപാധിയായാണ് സർക്കാർ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല, ഇത്തരം മാനേജ്മെന്റുകളെ സഹായിക്കാനുതകുന്ന തരത്തിൽ ബില്ലിലെ വ്യവസ്ഥകൾ ഇളവ് ചെയ്തിരിക്കുകയുമാണ്. അക്കാഡമിക് കൗൺസിലിന്റെയും ബോർഡ് ഓഫ് സ്റ്റഡീസിന്റെയും നിയന്ത്രണം മാനേജ്മെന്റിൽ നിക്ഷിപ്തമാക്കിയിരിക്കുന്നത് വിദ്യാഭ്യാസ നിലവാരത്തെ ഗുരുതരമായി ബാധിക്കും. കോളേജുകൾക്ക്

സ്വയംഭരണാവകാശം നൽകാനെടുത്ത തീരുമാനത്തിലൂടെ സർവ്വകലാശാലകളുടെ അധികാരം സർട്ടിഫിക്കറ്റ് നൽകുകയെന്നത് മാത്രമാക്കി ചുരുക്കിയിരിക്കുകയാണ്. കോഴ്സുകൾ പുനർനാമകരണം ചെയ്യുന്നതിലൂടെ സ്വയംഭരണ കോളേജുകൾക്ക് മാത്രമായി സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്യാമെന്ന വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കും. പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനാവശ്യമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾക്കൊള്ളിക്കാത്തത് അവരുടെ പഠന സ്വാതന്ത്ര്യത്തെ ഗുരുതരമായി ബാധിക്കും. സർക്കാരിന്റെയോ യൂണിവേഴ്സിറ്റിയുടെയോ കീഴിലല്ലാതെ സ്വയംഭരണ കോളേജുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സ്വതന്ത്രമായി പഠനം നടത്തുന്നതിനോ അഭിപ്രായ സ്വാതന്ത്ര്യത്തിനോ ഉള്ള അവകാശം നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി കമ്മിറ്റികൾ രൂപീകരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. കോഴ്സുകൾ തീരുമാനിക്കാനുള്ള അധികാരം ഈ ബില്ലിലൂടെ സ്വയംഭരണകോളേജുകൾക്ക് നൽകുകയാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കാവിവൽക്കരണവും ഈ രാജ്യത്തിന്റെ വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കാൻ വെമ്പൽ കൊള്ളുന്ന ഒരു സർക്കാർ രാജ്യത്ത്

അധികാരത്തിലുള്ളപ്പോൾ ഇവിടെയുള്ള സ്വയംഭരണകോളേജുകളിലൂടെ മാനേജ്മെന്റുകൾക്ക് കോഴ്സുകൾ തീരുമാനിക്കാൻ അധികാരം നൽകിയാൽ അത് നാടിന്റെ മതേതരത്വത്തിന് വിഘാതമുണ്ടാക്കും. അതിനാൽ ഇത്തരം സ്ഥാപനങ്ങളുടെ കടന്നുവരവ് നിയന്ത്രിക്കണം. വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിക്കാൻ ശ്രമം നടക്കുമ്പോൾ പ്രതിപക്ഷത്തിന് അത് കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. വിദ്യാഭ്യാസമേഖലയെ തകർക്കുന്ന, സ്വയംഭരണകോളേജുകളുടെ മെരിറ്റ് അട്ടിമറിച്ചുകൊണ്ട് മാനേജ്മെന്റുകൾക്ക് താൽപ്പര്യമുള്ള സംവിധാനമുണ്ടാക്കാൻ ശ്രമിക്കുന്ന ഈ ബില്ലിനെ എതിർക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): കോളേജുകളെ ആട്ടോണമസ് ആക്കണമെന്നാണ് യു.ജി.സി. ശിപാർശ വന്നതെങ്കിലും അക്കാഡമിക് ആട്ടോണമി മാത്രമാണ് നൽകാൻ സർക്കാർ തീരുമാനിച്ചത്. അതിനായി എ ഗ്രേഡ് കുറഞ്ഞ യോഗ്യതയായി നിശ്ചയിക്കുകയും ഉന്നതവിദ്യാഭ്യാസ വകുപ്പിലെയും ഉന്നത വദ്യാഭ്യാസ കൗൺസിലിന്റെയും അതാത് സർവ്വകലാശാലകളുടെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു ഇൻസ്പെക്ഷൻ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. സർവ്വകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി പ്രസ്തുത കമ്മിറ്റി

കോളേജുകൾ സന്ദർശിക്കുകയും അക്കാഡമിക് എക്സലൻസ് സംബന്ധിച്ച ആട്ടോണമിക്കായി ശിപാർശ ചെയ്ത കോളേജുകളുടെ ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ്, ഫാക്കൽട്ടികളുടെ എക്സലൻസ്, സ്റ്റുഡൻസ് പെർഫോർമൻസ് എന്നിവ സംബന്ധിച്ച പരിശോധനയ്ക്കുശേഷം സ്വയംഭരണ പദവി നൽകുകയും ചെയ്തു. നാക് അക്രഡിറ്റേഷനിൽ എ ഗ്രേഡ് ലഭിച്ചിട്ടുള്ള, പത്ത് വർഷത്തിൽ കൂടുതൽ പ്രവർത്തനമുള്ള പതിമൂന്ന് കോളേജുകളെയാണ് സെലക്ട് ചെയ്തത്. എഞ്ചിനീയറിംഗ് കോളേജുകളെ ബില്ലിൽ ഉൾപ്പെടുത്തിയില്ലെന്നൊരു ആക്ഷേപം പ്രതിപക്ഷം ഉന്നയിക്കുകയുണ്ടായി. എഞ്ചിനീയറിംഗ് കോളേജുകൾക്ക് മാത്രമായി ഒരു ബിൽ വരുന്ന സാഹചര്യത്തിലാണ് ഈ ക്ലോസ് ബില്ലിൽ പരാമർശിക്കാതിരുന്നത്. അക്കാഡമിക് ആട്ടോണമി കൊടുക്കുന്നതുകൊണ്ട് ആ കോളേജുകൾ പൂർണ്ണമായും യൂണിവേഴ്സിറ്റി സിസ്റ്റത്തിൽനിന്നും വിട്ടുപോകുമെന്ന നിലയിൽ പ്രതിപക്ഷം ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണ്. കോഴ്സ് നടത്താനും ഡിസൈൻ ചെയ്യാനുമുള്ള അധികാരമാണ് ഈ ബില്ലിലൂടെ സ്വയംഭരണ കോളേജുകൾക്ക് കൊടുത്തിട്ടുള്ളത്. സർക്കാർ കോളേജുകൾക്കും എയിഡഡിനും കൊടുക്കുന്ന ആനുകൂല്യങ്ങൾ സ്വയംഭരണ കോളേജുകൾക്കും നൽകുന്നതാണ്. യു.ജി.സി. ഗൈഡ് ലൈൻ അനുസരിച്ച് സെക്ഷൻ2 (f) 12 (b) അതിന്റെ പരിധിയിൽ വരുന്ന എല്ലാകോളേജുകൾക്കും പദവി നൽകാമെന്ന് യു.ജി.സി.

നിഷ്കർഷിച്ചെങ്കിലും കടുത്ത നിബന്ധനകൾ വച്ചുകൊണ്ടാണ് പതിമൂന്ന് കോളേജുകളെ സെലക്ട് ചെയ്തിട്ടുള്ളത്. അടുത്തൊരു ഘട്ടം വരുമ്പോൾ സ്വയംഭരണപദവിക്ക് അപേക്ഷ ക്ഷണിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ അവയെയും പരിഗണിക്കും. പന്ത്രണ്ടാം പദ്ധതിയിൽ റൂസാ ഫണ്ടിനായി 1245.75 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനായി പുതിയ പദ്ധതികളും പുതിയ കാര്യങ്ങളും ആവിഷ്ക്കരിക്കുമ്പോൾ പ്രതിപക്ഷം അതിനെ കണ്ണടച്ച് എതിർക്കുന്നത് ശരിയല്ല. നിബന്ധനകൾക്ക് വിരുദ്ധമായി അക്കാഡമിക് ആട്ടോണമി കിട്ടുന്ന കോളേജുകൾ പ്രവർത്തിക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ ആ അധികാരം പിൻവലിക്കാൻ സർക്കാരിനും യൂണിവേഴ്സിറ്റിക്കും അധികാരം കൊടുക്കുന്ന ഒരു ബില്ലുകൂടിയാണിത്. എല്ലാ യൂണിവേഴ്സിറ്റികളിലും ഒരേ സമയംതന്നെ അഡ്മിഷൻ, പരീക്ഷ, റിസൾറ്റ് ഡിക്ലയർ ചെയ്യൽ, ഡിഗ്രി കൊടുക്കൽ എന്നിവ നടത്താനുള്ള സംവിധാനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി സംസ്ഥാന ഗവർണ്ണർ മുൻകയ്യെടുക്കുന്നതിനെ തെറ്റായി കാണേണ്ടതില്ല.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1063. In clause 2, Which proposed to amend the Kerala University Act, 1974,-

In section 69(B) (ii) proposed to be inserted by clause 2(c) after the word “preserving” the words “and ensuring” shall be inserted;

1064. In section 69E(2) (f) proposed to be inserted by clause 2(c) after the words “One member from among the teachers of the college” the words “not below the rank of an Associate Professor”

shall be inserted;

1065. In section 69E(2) (f) proposed to be inserted by clause 2(c), the words “with the approval of the Director of Collegiate Education” shall be added at the end;

1066. In section 69E(4) proposed to be inserted by clause 2(c), for the words “a year” the word “six months” shall be substituted;

1067. In the proviso to section 69G(3) proposed to be inserted by clause 2(c), after the word “four” the word “academic” shall be inserted;

1068. In section 69G(5) proposed to be inserted by clause 2(c), for the words “one such meeting” the words “two such meetings” shall be substituted;

1069. In section 69I(4) (a) proposed to be inserted by clause 2(c) before the words “one nominee of the Manager” the words “Manager or” shall be inserted;

1070. In section 69L(i), proposed to be inserted by clause 2(c), for the words “to approve and submit to the University” the words “to submit to the University the proposal for” shall be inserted;

1071. In section 69M(2) proposed to be inserted by clause 2(c), for the word “foms” the word “forms” shall be inserted;

1072. In the proviso to section 69N(1) proposed to be inserted by clause 2(c), the words “in the State” shall be deleted;

1073. In section 69P(2) proposed to be inserted by clause 2(c), after the words “Board of Studies of the University” the words “for approval” shall be inserted;

1074. In section 69P(5), proposed to be inserted by clause 2(c), after the words “Governing Council of the College” the words “through the Principal of that College” shall be inserted.

114, 115, 116, 120, 121, 122, 123, 124, 126, 127, 129, 130, 131, 134, 135, 136, 137, 141, 142, 143, 144, 146, 148, 149, 152, 154, 156, 157, 158, 159, 160, 161, 162, 165, 166, 167, 169, 170, 176, 177, 179, 180, 182, 183, 185, 186, 188, 189, 190, 191, 192, 193, 194, 196, 197, 198, 199, 200, 201, 202, 203, 204, 205, 206, 207, 208, 210, 211, 212, 213, 215, 219, 220, 221, 222, 230, 232, 233, 234, 235, 236, 237, 244, 247, 251, 252, 253, 255, 256, 257, 258, 259, 260, 261, 262, 263, 264, 265, 266, 267, 268, 269, 270, 271, 273,

275, 276, 277, 278, 279, 280, 281, 282, 283, 284, 285, 286, 287, 288, 289, 290, 291, 292, 293, 300, 304, 305, 307, 309, 310, 311, 312, 313, 314, 315, 316, 317, 318, 319, 320, 321, 323, 324, 325, 329, 330, 331, 332, 334, 336, 337, 338, 339, 340, 341, 342, 343, 344, 345, 346, 347, 348, 349, 350, 351, 353, 355, 356, 358, 359, 360, 363, 366, 367, 368, 370, 371, 372, 373, 374, 376, 377, 379, 380, 381, 382, 386, 387, 389, 390, 392, 393, 395, 397, 398, 399, 400, 402, 404, 406, 407, 409, 411, 413, 414, 416, 417, 418, 419, 420, 421, 422, 423, 424, 425, 428, 430, 431, 432, 433, 434, 435, 436, 438 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

343. In Section 69J proposed to be inserted in the Kerala University Act, 1974 by clause 2(c), insert the word " academic" after the word " two" wherever it occurs.

398. In the first proviso in section 690(1),proposed to be inserted in the Kerala University Act,1974 by clause2(c), for the words " prescribed by the University", the words " prescribed by the

statutes" shall be substituted.

424. In the second proviso to section 69P(10),proposed to be inserted in the Kerala University Act, 1974 by clause 2(c) for the word " the" shall be inserted after the word " lower" .

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

245. In section 69E(3) proposed to be inserted in the Kerala University Act, 1974 by Clause 2(c) for the words " whichever is later" substitute the words " whichever is earlier"

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി 48-നെതിരെ 62 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 194, 433 എന്നീ നമ്പർ ഭേദഗതികൾ 47-നെതിരെ 63 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ ടി.വി. രാജേഷ് അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി 47-നെതിരെ 63 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി അവതരിപ്പിച്ചു.

In clause 3, which proposes to amend the Calicut University Act, 1975,-

1075. In section 68C(ii) proposed to be inserted by clause 3(c) after the word "preserving" the words "and ensuring" shall be inserted;

1076. In section 68F(2)(f) proposed to be inserted by clause 3(c) after the words "One member from among the teachers of the college" the words "not below the rank of an Associate Professor" shall be inserted;

1077. In section 68F(2)(f) proposed to be inserted by clause 3(c), the words "with the approval of the Director of Collegiate Education" shall be added at the end;

1078. In section 68F(4) proposed to be inserted by clause 3(c), for the words "a year" the word "six months" shall be substituted;

1079. In the proviso to section 68H(3) proposed to be inserted by clause 3(c), after the word "four" the word "academic" shall be inserted;

1080. In section 68H(5) proposed to be inserted by clause 3(c), for the words “one such meeting” the words “two such meetings” shall be substituted;

1081. In section 68J(4)(a) proposed to be inserted by clause 3(c), before the words “one nominee of the Manager” the words “Manager or” shall be inserted;

1082. In section 68M(i) proposed to be inserted by clause 3(c), for the words “to approve and submit to the University” the words “to submit to the University the proposal for” shall be inserted;

1083. In the proviso to section 68O(1) proposed to be inserted by clause 3(c), the words “in the State” shall be deleted;

1084. In section 68Q(2) proposed to be inserted by clause 3(c), after the words “Board of Studies of the University” the words “for approval” shall be inserted;

1085. In section 68Q(5), proposed to be inserted by clause 3(c), after the words “ Governing Council of the College” the words “ through the Principal of that College” shall be inserted;

439, 440,441, 446, 447, 451, 453, 454, 459, 460, 461, 462, 463, 465, 466, 467, 468, 469, 470, 471, 472, 474, 477,485, 475, 476, 479,

480, 486, 487, 488, 490, 491, 493, 495, 498, 499, 500, 501, 502, 503, 504, 505, 506, 509, 515, 516, 517, 520, 524, 525, 526, 528, 529, 530, 531, 535, 536, 537, 538, 540, 541, 543, 544, 545, 546, 547, 548, 549, 551, 552, 554, 555, 556, 557, 559, 560, 562, 563, 564, 569,570, 572, 573, 574, 576, 577, 578, 579, 580, 581, 582, 585, 586, 587, 588, 589, 590, 591, 593, 594, 595, 596, 598, 599, 601, 602, 603, 605, 609, 610, 611, 612, 613, 614, 615, 617, 618, 620, 622, 624, 627, 628, 629, 630, 631, 632, 633, 635, 636, 637 639, 640, 642, 646, 647, 648, 652, 653, 654, 656, 657, 658, 659, 660, 661, 662, 663, 666, 667, 668, 669, 670 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

447. In section 2(4B) proposed to be inserted in the Calicut University Act, 1975 by clause 3(a)(iii), for the word " by-elaws" , the word " bye-laws" shall be substituted.

535. In section 68 F (3) proposed to be inserted in the Calicut University Act, 1975 by Clause 3 (c) for the words "whichever is later" substitute the words "whichever is earlier".

601. In section 68K, proposed to be inserted in the Calicut University Act,1975 by clause 3(c), for the words "two years" occurring in both the places, the words "two academic years" shall be substituted.

636. In the first proviso to section 68P(1) proposed to be inserted in the Calicut University Act, 1975 by clause 3 (c), for the words "prescribed by the University", the words " prescribed by the statutes" shall be substituted.

658. In the second proviso to section 68Q(10) proposed to be inserted in the Calicut University Act, 1975 by clause 3(c) after the words " that lower" insert the word " the"

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ മന്ത്രി അവതരിപ്പിച്ചു.

In clause 4, which proposes to amend the Mahatma Gandhi University

Act, 1985,-

1086. In section 104(ii)proposed to be inserted by clause 4(c), after the word " preserving" the words " and ensuring" shall be inserted;

1087. In section 107(2)(f) proposed to be inserted by clause 4(c), after the words " One member from among the teachers of the college" the words " not below the rank of an Associate Professor" shall be inserted;

1088. In section 107(2)(f) proposed to be inserted by clause 4(c), the words " with the approval of the Director of Collegiate Education" shall be added at the end;

1089. In section 107(4) proposed to be inserted by clause 4(c), for the words " a year" the words " six months" shall be substituted;

1090. In the proviso to section 109 (3) proposed to be inserted by clause 4(c), after the word " four" the word " academic" shall be inserted;

1091. In section 109(5) proposed to be inserted by clause 4(c), for the words " one such meeting" the words " two such meetings" shall be substituted;

1092. In section 111 (4) (a) proposed to be inserted by clause 4(c),

before the words " one nominee of the Manager" the words " Manager or" shall be inserted;

1093. In section 114(i) proposed to be inserted by clause 4(c), for the words " to approve and submit to the University" the words " to submit to the University the proposal for" shall be inserted.

1094. In the proviso to section 116(1) proposed to be inserted by clause 4(c), the words " in the State" shall be deleted;

1095. In section 118(2) proposed to be inserted by clause 4(c), after the words " Board of Studies of the University" the words " for approval" shall be inserted;

1096. In section 118(5), proposed to be inserted by clause 4(c), after the words " Governing Council of the College" the words " through the Principal of that College" shall be inserted.

671, 672, 674, 676, 678, 679, 680, 682, 688, 690, 695, 696, 698, 699, 701, 702, 710, 713, 716, 717, 721, 722, 723, 725, 726, 729, 731, 744, 751, 755, 756, 759, 766, 771, 772, 775, 777, 783, 784, 786, 793, 799, 801, 802, 806, 809, 810, 812, 814, 816, 821, 822, 823, 825, 830, 831, 832, 833,

835, 838, 841, 847, 850, 851, 852, 853, 854, 855, 856, 857, 858, 860, 861, 862, 863, 864, 865, 867, 869, 870, 873 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

754. In Section 107(3) proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(c) for the words " whichever is later" substitute the words " whichever is earlier" .

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

802. In Section 112 proposed to be inserted in the Mahatma Gandhi University Act, 1985, by clause 4(c), for the words " two years" occuring in both the places the words " two academic years" shall be substituted.

841. In the first proviso to Section 117(1), proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(c) for the words " prescribed by the University" , the words " prescribed by the students" shall be substituted. എന്നത് " prescribed by the students" എന്നതിനുപകരം " prescribed by statutes" എന്ന ഭേദഗതിയോടെ സ്വീകരിച്ചു.

862. In the second proviso to Section 118(10), proposed to be inserted

in the Mahatma Gandhi University Act, 1985 by clause 4(c), after the word " lower" insert the word " the" .

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അഞ്ചാം വകുപ്പ്**

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ മന്ത്രി അവതരിപ്പിച്ചു.

In clause 5, which proposes to amend the Kannur University Act, 1996,-

1097. In section 74B(ii)proposed to be inserted by clause 5(c), after the word " preserving" the words " and ensuring" shall be inserted;

1098. In section 74E(2)(f)proposed to be inserted by clause 5(c), after the words " One member from among the teachers of the college" the words " not below the rank of an Associate Professor" shall be inserted;

1099. In section 74E(2)(f) proposed to be inserted by clause 5(c), the

words “ with the approval of the Director of Collegiate Education” shall be added at the end;

1100. In section 74E(4) proposed to be inserted by clause 5(c), for the words “ a year” the words “ six months” shall be substituted;

1101. In proviso to section 74G(3) proposed to be inserted by clause 5(c), after the word “ four” the word “ academic” shall be inserted;

1102. In section 74G(5) proposed to be inserted by clause 5(c), for the words “ one such meeting” the words “ two such meetings” shall be substituted;

1103. In section 74I(4)(a) proposed to be inserted by clause 5(c), before the words “ one nominee of the Manager” the words “ Manager or” shall be inserted;

1104. In section 74L(i), proposed to be inserted by clause 5(c), for the words “ to approve and submit to the University” the words “ to submit to the University the proposal for” shall be inserted;

1105. In the proviso to section 74N(1)proposed to be inserted by clause 5(c), the words “ in the State” shall be deleted;

1106. In section 74P(2) proposed to be inserted by clause 5(c), after the words “ Board of Studies of the University” the words “ for approval” shall be inserted;

1107. In section 74P(5), proposed to be inserted by clause 5(c), after the words “ Governing Council of the College” the words “ through the Principal of that College” shall be inserted.

876, 878, 879, 881, 882, 883, 884, 885, 887, 888, 890, 891, 892, 893, 894, 895, 896, 897, 898, 899, 900, 901, 903, 904, 906, 907, 908, 909, 910, 911, 912, 913, 914, 915, 919, 922, 925, 926, 927, 928, 929, 930, 931, 933, 935, 936, 938, 941, 942, 943, 944, 945, 947, 949, 950, 951, 952, 953, 955, 956, 957, 958, 959, 960, 961, 962, 963, 964, 965, 966, 967, 968, 969, 970, 972, 973, 978, 979, 980, 981, 982, 984, 985, 986, 987, 988, 989, 990, 991, 993, 995, 996, 1000, 1001, 1002, 1003, 1004, 1006, 1007, 1008, 1009, 1010, 1012, 1013, 1015, 1017, 1019, 1020, 1021, 1024, 1027, 1029, 1033, 1036, 1037, 1039, 1040, 1043, 1044, 1045, 1046, 1047, 1048, 1049, 1050, 1052, 1053, 1055 1057, 1058 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ മന്ത്രി അവതരിപ്പിച്ചു.

946. In Section 74E(3) proposed to be inserted in the Kannur University Act, 1996 by clause 5(c), the words " whichever is later" substitute the words " whichever is earlier"

992. In Section 74J proposed to be inserted in the Kannur University Act, 1996 by clause 5(c), for the words " two years" occurring in both the places the words " two academic years" shall be substituted.

1028. In the first proviso to Section 74O(1) proposed to be inserted in the Kannur University Act, 1996 by clause 5(c), for the words " prescribed by the University" the words " prescribed by the statutes" shall be substituted.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

1048. In the second proviso to Section 74P(10) proposed to be inserted in the Kannur University Act, 1996 by clause 5(c), after the word " lower" insert the word " the" .

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 972-ാം നമ്പർ ഭേദഗതി 42-നെതിരെ 62 വോട്ടുകളോടെ സഭ നിരാകരിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും

മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ആറാം വകുപ്പ്

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

1108. In sub-clause (1) of clause 6, for the figures, word and brackets " (4 of 2014)" the figures, word and brackets " (18 of 2014)" shall be substituted.

1061, 1062 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

110, 111, 112 113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): 2014-ലെ സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അക്കാഡമിക് സ്വയംഭരണത്തിന്റെ പേരിൽ വാണിജ്യവൽക്കരണം ലക്ഷ്യമിടുന്ന ഈ ബിൽ നിയമമാക്കുന്നത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. കോളേജ് ഗവേണിംഗ് കൗൺസിലിന് സർവ്വാധികാരങ്ങളും കൈമാറുന്ന വിധത്തിലുള്ള ഭേദഗതികളിലൂടെ ജാതി-മത സംഘടനകളുടെ നിയന്ത്രണത്തിലുള്ള സ്വകാര്യകോളേജുകൾക്ക് കൂടുതൽ അധികാരം ലഭിക്കുന്നത് ഏറെ അപകടകരമാണ്. ഈ ബില്ലിനെതിരെ കടുത്ത വിമർശനം അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിൽ നിന്നും ഉയർന്നിട്ടുണ്ട്. ഈ ബിൽ അനുസരിച്ച് സ്വയംഭരണാവകാശമുള്ള കോളേജുകളിന്മേൽ സർവ്വകലാശാലകൾക്ക് യാതൊരുവിധ അധികാരവുമുണ്ടാകുകയില്ല. സ്വയംഭരണ കോളേജുകളുടെ പഠന

ബോർഡിൽ സ്വകാര്യ കോളേജ് മാനേജർമാർക്ക് താൽപ്പര്യമുള്ളവരെ ചെയർമാനാക്കാൻ സാധിക്കും. ഗവേണിംഗ് കൗൺസിലിലെ 13 അംഗങ്ങളിൽ 12 പേരും കോളേജ് മാനേജ്മെന്റിന്റെ പ്രതിനിധികളാണെന്നതിനാൽ സ്വകാര്യ മാനേജർമാർക്ക് എന്ത് തീരുമാനവുമെടുക്കാൻ സാധിക്കുന്ന അവസ്ഥ വന്നുചേരും. ഈ നിയമപ്രകാരം ഗവൺമെന്റ് കോളേജുകൾക്കും സ്വാശ്രയ കോഴ്സ് നടത്താമെന്ന സ്ഥിതിവിശേഷമുണ്ടാകുകയും പാവപ്പെട്ടവർക്കും പിന്നോക്ക വിഭാഗത്തിൽ പ്പെട്ടവർക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ടാകുകയും ചെയ്യും. ഈ ബിൽ പാസ്സാക്കുന്നതിനെതിരെ ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബില്ലിന്റെ പകർപ്പ് കീറിക്കളഞ്ഞശേഷം സഭാ നടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി.)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): 1964-ലെ കോത്താരി കമ്മീഷൻ റിപ്പോർട്ടിലും 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണ പദവി നൽകണമെന്ന നിർദ്ദേശമുണ്ട്. ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ 84 സർവ്വകലാശാലകൾക്ക് കീഴിലുള്ള 441 കോളേജുകൾക്ക് സ്വയംഭരണ പദവി നിലവിലുണ്ട്. ബില്ലിന്റെ സ്പിരിറ്റിനെ

ഹനിക്കാത്ത തരത്തിൽ സബ്ജക്ട് കമ്മിറ്റിയിലും സഭയിലും പ്രതിപക്ഷാംഗങ്ങൾ കൊണ്ടുവന്ന ഭേദഗതികൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അറിയിപ്പ്

### ഭേദഗതികളും നിരാകരണ പ്രമേയങ്ങളും നൽകുന്നതിനുള്ള സമയം

മി. ഡെപ്യൂട്ടി സ്പീക്കർ: 03-12-2014-ന് സഭ പരിഗണിക്കുന്ന കേരള മത്സ്യവിത്ത് ബിൽ, 2014-ലെ കേരളാ കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റി മുമ്പാകെ അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതികൾ 02-12-2014 ഉച്ചയ്ക്കുശേഷം 3.00 മണിവരെ നൽകാവുന്നതാണ്.

## (2) 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളെ പുന:സംഘടിപ്പിക്കുമെന്ന നിർദ്ദേശം അപ്രായോഗികമാണ്. തെരുവ് വിളക്കുകൾ മെയിന്റനൻസ് നടത്തി പ്രകാശിപ്പിക്കുന്നതിന് പഞ്ചായത്തുകൾക്കുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കണം. പഞ്ചായത്തുകളിലെ പബ്ലിക് ടാപ്പുകൾക്ക് കൊമേഴ്സ്യൽ റേറ്റിൽ പണം അടയ്ക്കുന്ന നിലവിലെ സ്ഥിതിക്ക് മാറ്റം വരുത്തണം. പഞ്ചായത്തുകളിലെ എല്ലാ വർക്കുകൾക്കും പണം ചെലവഴിക്കുന്നതിന് ഗ്രാമസഭയുടെ അനുമതി വേണമെന്ന നിബന്ധന പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അതിൽ മാറ്റം വരുത്തണം. മാലിന്യനിർമ്മാർജ്ജനത്തിന് പഞ്ചായത്തുകൾ പ്രഥമ പരിഗണന നൽകണം. പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതിനും ആശാ വർക്കേഴ്സിനും അംഗൻവാടി ജീവനക്കാർക്കും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അവസരം

നൽകുന്നതിനുമുള്ള തീരുമാനം പ്രശംസനീയമാണ്.

ശ്രീ. സണ്ണി ജോസഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകളുടെയും ഗ്രാമപഞ്ചായത്ത് വാർഡുകളുടെയും അതിർത്തി പുനർനിർണ്ണയത്തിലുണ്ടായിട്ടുള്ള അശാസ്ത്രീയതകൾ പരിഹരിക്കണം. പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണ നടപടിക്രമങ്ങൾ ആധുനികവത്കരിക്കുകയും ലഘൂകരിക്കുകയും ചെയ്ത നടപടി പ്രശംസനീയമാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയത്തിലുണ്ടായിട്ടുള്ള അശാസ്ത്രീയതകൾ പരിഹരിക്കുന്നതിനുതകുന്ന തരത്തിലുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. ജനസംഖ്യാടിസ്ഥാനത്തിലായിരിക്കും അതിർത്തി നിർണ്ണയം നടത്തുന്നത്. നിലവിലുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തിയിൽ മാറ്റം ഉണ്ടാകുകയില്ല. ഗ്രാമസഭകൾ നാല് തവണ കൂടണമെന്നുള്ളതാണ് സർക്കാരിന്റെ

നയം. സ്പെഷ്യൽ ഗ്രാമസഭകൾ, ഗ്രാമകേന്ദ്രങ്ങൾ എന്നിവയിൽനിന്ന് ഗ്രാമസഭകളിലേയ്ക്ക് കൂടുതൽ ആളുകളെ കൊണ്ടുവരാനും വികസന പ്രവർത്തനങ്ങളിൽ ഗ്രാമസഭകൾക്ക് പ്രാധാന്യം നൽകാനുമാണ് ഉദ്ദേശിക്കുന്നത്. TAG-നെ ഒഴിവാക്കുകയും പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. ബില്ലിലെ വകുപ്പുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഭേദഗതികളെപ്പറ്റി മാത്രമാണ് ഞാൻ സംസാരിച്ചത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഇല്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

271. ബില്ലിന്റെ 2-ാം ഖണ്ഡ പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ (1-ാം ) വകുപ്പ് (2-ാം ) ഉപവകുപ്പിൽ,-

(എ) പ്രസ്തുത ഉപവകുപ്പിൽ, കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്ന "…….വിനിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളുടേയും" എന്ന വാക്കുകൾക്ക് ശേഷം " 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് (2000-ലെ 5) പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളുടെയും" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ബി) പ്രസ്തുത ഉപവകുപ്പിന്റെ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്ക്ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ് അതായത്:-

"എന്ന് മാത്രമല്ല, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളിൽ ഈ ആക്ടിലെ XIX-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വ്യാപ്തിയുണ്ടായിരിക്കുന്നതാണ്".

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

119, 121, 122, 124, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

ഭേദഗതികൾ അവതരിപ്പിച്ചില്ല.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

140-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

140. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 30 (1)-ാം വകുപ്പിന്റെ വിശദീകരണം 2-ൽ "ആശാവർക്കർമാരും" എന്നീ വാക്കുകൾക്കുശേഷം "സാക്ഷരതാ പ്രേരക്മാരും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

146, 147, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

153, 154, 155, 158, 159, 160, 165, 167, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

165. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154(3)-ൽ, " ഏതെങ്കിലും പണമോ" എന്നീ വാക്കുകൾക്ക് പകരം "പണമോ"എന്ന വാക്ക് ചേർക്കുക.

167. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154(3)-ൽ, " ഉദ്യോഗ കാലാവധി" എന്നീ വാക്കുകൾക്ക് പകരം "ഔദ്യോഗിക കാലാവധി" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒമ്പതാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

270. ബില്ലിന്റെ 9-ാം ഖണ്ഡ പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 219 <u>വി</u> വകുപ്പിന്റെ (1-)ാം ഉപ വകുപ്പിൽ "1020 സ്ക്വയർ ഫീറ്റിൽ" എന്ന അക്കത്തിനും വാക്കുകൾക്കും പകരം "100 സ്ക്വയർ മീറ്ററിൽ" എന്ന അക്കവും വാക്കുകളും ചേർക്കേണ്ടതാണ്.

173, 176, 177, 179, 180, 183, 184, 186, 192, 194, 196, 197, 198, 199, 203, 205, 207, 208, 209, 211, 212, 215, 216, 219 (എ) 224, 225,226, 230, 236, 238, 243, 246, 248, 250 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

186. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി(1)-ൽ "ഫ്ലാറ്റുകൾ" എന്ന വാക്കിനുപകരം "ഫ്ലാറ്റുകളും ബഹുനില കെട്ടിടങ്ങളും"എന്നീ വാക്കുകൾ ചേർക്കുക.

197. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി.(1)-

ൽ , " അവരുടെ"എന്ന വാക്കിനു പകരം "അവയുടെ"എന്ന വാക്ക് ചേർക്കേണ്ടതാണ്.

243. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡബ്ല്യു. (1) (എ)-യിൽ "യാതൊരു സ്ഥാപനമോ ആളോ" എന്നതിനുപകരം "ഏതൊരു സ്ഥാപനമോ വ്യക്തിയോ" എന്ന് ചേർക്കുക.

250. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡബ്ല്യു.(1) (സി)-യിൽ "പാഴ് പ്ലാസ്റ്റിക് " എന്നതിനുപകരം "ഉപയോഗശൂന്യമായ പ്ലാസ്റ്റിക് " എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്താം വകുപ്പ്

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

262, 265 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

262. ഖണ്ഡം 11(1) (ബി)-യിൽ "അംഗനവാടി"എന്ന വാക്കിനുപകരം "അങ്കണവാടി"എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പന്ത്രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

268. ഖണ്ഡം 12(1)-ൽ "6"എന്ന അക്കത്തിന് പകരം "15"എന്ന അക്കം ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

110-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 8.37-ന് പിരിഞ്ഞു.

**********